പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ : 998 — 11-07-2016 - ൽ മറുപടിയ്ക്ക്

## ബേപ്പൂർ ഫിഷറീസ് കൺട്രോൾ റൂം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.വി.കെ.സി. മമ്മത് കോയ :** | | **ശ്രീമതി. ജെ. മേഴ്സിക്കുട്ടി അമ്മ (മത്സ്യബന്ധനവും ഹാർബർ എൻജിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി)** |
| എ) | മലപ്പുറം പൊന്നാനി മുതൽ വടകര ചോമ്പാൽ വരെയുള്ള കടൽ രക്ഷാപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന ബേപ്പൂരിലെ ഫിഷറീസ് കൺട്രോൾ റൂമിൽ സുരക്ഷാ സംവിധാനങ്ങൾ പരിമിതമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | ആധുനിക സൗകര്യങ്ങളോടു കൂടിയ ഇരുമ്പ് ബോട്ടും മറ്റ് ഉപകരണങ്ങളും അനുവദിച്ച് കടൽ രക്ഷാപ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനു വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ; | ബി) | ബോട്ട് വാടകയ്ക്ക് എടുത്ത് കടൽ രക്ഷാപ്രവർത്തനം നടത്തി വരുന്നു. ബീക്കൺ ഉൾപ്പെടെയുള്ള 10 സുരക്ഷാ ഉപകരണങ്ങൾ അടങ്ങിയിട്ടുള്ള സുരക്ഷാ കിറ്റും inflatable boat ഉം സീ ഗാർഡ്മാരുടെ സേവനവും കടൽ രക്ഷാപ്രവർത്തനത്തിനായി സജ്ജീകരിച്ചിട്ടുണ്ട്. |
| സി) | തീരക്കടലിലും ഉൾക്കടലിലും അപകടത്തിൽപെടുന്ന വരെ രക്ഷിക്കുന്നതിനായി നിയമിച്ച കടൽ സുരക്ഷാ ഗാർഡുമാരുടെ വേതനം വർദ്ധിപ്പിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ജോലി സമയം 8 മണിക്കൂറാക്കി ജോലിസ്ഥിരത ഉറപ്പാക്കണമെന്ന ഇവരുടെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | സി) | ഓരോ ഫിഷറീസ് സ്റ്റേഷനും രണ്ട് വീതം സീഗാർഡുമാരുടെ സേവനം അനുവദിച്ചിട്ടുണ്ട്. ട്രോളിംഗ് നിരോധന കാലയളവിൽ എല്ലാ മറൈൻ ജില്ലകളിലും ആവശ്യത്തിന് സീ ഗാർഡുമാരെ നിയോഗിക്കാൻ ജില്ലാ ഫിഷറീസ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവിൽ ദിവസവേതനത്തിൽ നിയമിച്ചിരിക്കുന്ന കടൽസുരക്ഷാ ഗാർഡുമാർക്ക് 150/- രൂപ നിരക്കിൽ റിസ്ക് അലവൻസും 377/- |

| | | | |
|---|---|---|---|
| | | | രൂപ നിരക്കിൽ വേതനവും കൂടി ദിവസം 527/- രൂപ നൽകി വരുന്നു. സുരക്ഷാ ഗാർഡുമാരുടെ സേവനം കടൽ സുരക്ഷയുമായി ബന്ധപ്പെട്ടതായതിനാൽ ജോലി സമയം നിജപ്പെടുത്താൻ കഴിയില്ല. |

സെക്ഷൻ ഓഫീസർ